66 (3531) ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി

ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ ഏതെല്ലാം വ്യവസായങ്ങളിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഇതിലെ തൊഴിലാളി പ്രതിനിധികൾ ഏതെല്ലാം തൊഴിലാളി സംഘടനകളെയാണ് പ്രതിനിധീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ടെക്സ്റ്റയിൽമേഖലയിലും, കായംകുളം താപവൈദ്യുത പദ്ധതിപ്രദേശത്തും, ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ഇതിനുംപുറമേ കയർ, കശുവണ്ടി, മദ്യം, കള്ളുചെത്ത്, മോട്ടോർ നിർമ്മാണത്തൊഴിലാളി, ടിമ്പർ-പ്ലൈവുഡ്, തീപ്പെട്ടി, ഓട് വ്യവസായം, തോട്ടം മേഖല, കൂട്ടനാട്, പാലക്കാട് കാർഷികമേഖലകൾ, പൊതുവിതരണ സമ്പ്രദായം, ബീഡി-സിഗാർ എന്നീ വ്യവസായമേഖലകളിൽ പ്രവർത്തിക്കുന്ന ഐ.ആർ.സി. കളുടെ കാലാവധി കഴിഞ്ഞതിനാൽ പുനഃസംഘടനയ്ക്കുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) ഇപ്പോൾ നിലവിലുള്ള ടെക്സ്റ്റയിൽ ഐ.ആർ.സി യിലെയും, കായംകുളം താപവൈദ്യുതപ്രദേശത്ത് പ്രവർത്തിക്കുന്ന ഐ.ആർ.സി യിലേയും അംഗങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ടെക്സ്റ്റയിൽ ഐ.ആർ.സിയിലെ ട്രേഡ് യൂണിയൻ മെമ്പർമാർ, സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., യു.ടി.യുസി., എ.ഐ.റ്റി.യു.സി., ബി.എം.എസ്., എച്ച്. എം. എസ്., എസ്.ടി.യു. എന്നീ സംഘടനകളെ പ്രതിനിധീകരിക്കുന്നു. കായംകുളം താപവൈദ്യുതനിലയം പ്രോജക്ട് മേഖലയിലെ ഐ.ആർ.സി.യിലെ തൊഴിലാളി യൂണിയൻ മെമ്പർമാർ, സി.ഐ.ടി.യു., യു.ടി.യു.സി., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി എന്നീ സംഘടനകളെ പ്രതിനിധീകരിക്കുന്നു.

67 (3533) സംസ്ഥാനത്തെ ട്രേഡ് യൂണിയനുകൾ

ശ്രീ കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര രജിസ്റ്റർഡ് ട്രേഡ് യൂണിയനുകളുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly